**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1609** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ലോൺ എഴുതി തള്ളുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക ആവശ്യത്തിനായി സർക്കാർ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ കർഷകർക്ക് അനുവദിച്ചിരുന്ന കാർഷിക ലോണുകൾ വിവിധ കാരണങ്ങളാൽ കർഷകർക്ക് തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇളവുകൾ നൽകി പ്രസ്തുത ലോണുകൾ തിരിച്ചടയ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള കാർഷിക വായ്പകൾക്ക് പിഴപലിശ പൂർണ്ണമായി ഒഴിവാക്കിയും, പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും, അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ചുവരുന്നു. കാർഷികാവശ്യത്തിനായി ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ളതും 2020 മാർച്ച് ഒന്നിനും 2020 ആഗസ്റ്റ് 31നും ഇടയിൽ പുതുക്കേണ്ടതുമായ കാർഷിക വായ്പകൾ പലിശ സബ്സിഡി നഷ്ടപ്പെടാതെയും, പിഴ പലിശ ഈടാക്കാതെയും പുതുക്കുന്നതിന് 2020 ആഗസ്റ്റ് 31 വരെ സമയപരിധി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അനുവദിച്ചിരുന്നു. കോവിഡ് രണ്ടാംതരംഗത്തിന്റെ ഭാഗമായി 2021 മാർച്ച് ഒന്നിനും 2021 ജൂൺ 30 വരെയും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും, പിഴപലിശ ഈടാക്കാതെയും പുതുക്കുന്നതിന് 2021 ജൂൺ 30 വരെ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത മൊറട്ടോറിയം കാലയളവ് 2021 ജൂലൈ 1 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് 09.06.2021-ലെ കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഇക്കാര്യം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | കാർഷിക ലോണുകളുടെ തിരിച്ചടവ് മുടങ്ങിയത് മൂലം ജപ്തി നടപടികൾ സ്വീകരിക്കുന്നത് ഒഴിവാക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടികൾ കൈകൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള കാർഷിക വായ്പകൾക്ക് പിഴപലിശ പൂർണ്ണമായി ഒഴിവാക്കിയും, പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും, അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പ കണക്ക് അവസാനിപ്പിച്ചുവരുന്നു. കാർഷികാവശ്യത്തിനായി ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ളതും 2020 മാർച്ച് |

| | | | |
|---|---|---|---|
| | | | ഒന്നിനും 2020 ആഗസ്റ്റ് 31നും ഇടയിൽ പുതുക്കേണ്ടതുമായ കാർഷിക വായ്പകൾ പലിശ സബ്സിഡി നഷ്ടപ്പെടാതെയും, പിഴ പലിശ ഈടാക്കാതെയും പുതുക്കുന്നതിന് 2020 ആഗസ്റ്റ് 31 വരെ സമയപരിധി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അനുവദിച്ചിരുന്നു. കോവിഡ് രണ്ടാംതരംഗത്തിന്റെ ഭാഗമായി 2021 മാർച്ച് ഒന്നിനും 2021 ജൂൺ 30 വരെയും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും, പിഴപലിശ ഈടാക്കാതെയും പുതുക്കുന്നതിന് 2021 ജൂൺ 30 വരെ സമയപരിധി അനുവദിച്ചിരുന്നു. പ്രസ്തുത മൊറട്ടോറിയം കാലയളവ് 2021 ജൂലൈ 1 മുതൽ ആറ് മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിന് 09.06.2021-ലെ കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഇക്കാര്യം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ